**ഭരണഭാഷ - മാതൃഭാഷ**

Registered Tapal
സാങ്കേതിക വിദ്യാഭ്യാസ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
edsectiondte@gmail.com / 0471 - 2561207

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം(ഡി) - പത്തനംതിട്ട ജില്ലാ പി.എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥിയെ ₹ 26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ താൽക്കാലിക നിയമനം - അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

-------------------------------------------------------------------------------------------------------------------
-

ജീവനകാര്യം (ഡി) വിഭാഗം

ഇഡി1/3052/2024/ഡിടിഇ തിരുവനന്തപുരം, 08-07-2024

-------------------------------------------------------------------------------------------------------------------

വായന:-1.12.06.2024 ലെ പിടിഎ II (2) 268512/2020 - (10) നമ്പർ പത്തനംതിട്ട ജില്ലാ പി.എസ്.സി ഓഫീസറുടെ നിയമന ശിപാർശ
2.05.03.1974 - ലെ സ.ഉ (പി) നം.49/74/പി.ഡി നമ്പർ സർക്കാർ ഉത്തരവ്
3.18.07.1974 - ലെ സ.ഉ (കൈ) നം. 170/74/പി.ഡി നമ്പർ സർക്കാർ ഉത്തരവ്
4.29.03.1990 സർക്കാർ സർക്കുലർ മെമ്മോറാണ്ടം 3737/റൂൾസ്/1/90/പി&എആർഡി
5.15.02.1991 - ലെ സ.ഉ (പി) നം.7/91/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
6.06.06.2011 - ലെ സ.ഉ (പി) നം.15/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
7.30.06.2011 - സ.ഉ (പി) നം. 20/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
8.07.01.2013 - ലെ സ.ഉ (പി) നം. 20/2013/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
9.03.04.2013 - ലെ സ.ഉ (പി) നം. 149/2013 നമ്പർ സർക്കാർ ഉത്തരവ്
10.15.11.2016 - ലെ സ.ഉ (പി) നം. 171/2016/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

വായന (1) നിയമന ശിപാർശ പ്രകാരം, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ പത്തനംതിട്ട ജില്ലാ തല നിയമനമായി പത്തനംതിട്ട ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ചെയ്തിരിക്കുന്ന ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥിയെ, 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ, പൊതു ചട്ടം 3(സി), 9 (എ) (i), 10 (ബി) എന്നിവകൾക്ക് വിധേയമായി ഈ വകുപ്പിലെ ₹ 26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

2.വായന (2) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർത്ഥിയുടെ സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം ടി താൽക്കാലിക നിയമനം അറിയിപ്പ് കൂടാതെ റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് പരിശോധനയിൽ തെളിയുന്ന മുറയക്ക് മാത്രമേ ടി താൽക്കാലിക നിയമനം ക്രമീകരികുന്നതിന് ഉദ്യോഗാർത്ഥികൾ അർഹത നേടുകയുള്ളൂ.

3.നിയമനം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| വായന (1) നിയമന ശിപാർശയിലെ ക്രമ നമ്പർ | പേരും, മേൽവിലാസവും | താൽക്കാലിക നിയമനം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീധിനി.എം.എസ്<br>മൈത്രി,കൊയ് വിള.പി.ഒ, കൊല്ലം - 691590<br><br>കത്തിടപ്പാടുകൾക്കുള്ള മേൽവിലാസം<br><br>**ശ്രീധിനി.എം.എസ്<br>കാവിന്റെപടിഞ്ഞാറ്റേതിൽ, പള്ളിശ്ശേരിക്കൽ, ശാസ്താംകോട്ട, കൊല്ലം - 690521** | **സർക്കാർ പോളിടെക്നിക്ക് കോളേജ്,വെച്ചൂച്ചിറ** |

4.ഉദ്യോഗാർത്ഥി; വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ) എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തങ്ങളുടെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ബന്ധപ്പെട്ട സ്ഥാപന മേധാവി മുൻപാകെ **29.07.2024 നോ അതിനു മുൻപോ** ജോലിക്കു ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

5.ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടി ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്ത പത്തനംതിട്ട ജില്ല പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ പുനർ നിയമനത്തിനായി പേര് റീ രജിസ്റ്റർ ചെയ്യാവുന്നതോ, അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിട്ടയക്കപ്പെട്ടത് ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ്.

6.സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7.ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ), ഫോട്ടോ, ഒപ്പ് എന്നിവ ഈ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻറെ വൺ - ടൈം - വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൻറെ അസ്സലുമായി പരിശോധിച്ച് ബോധ്യപ്പെട്ടതായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

8.ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി അവരിൽ നിന്നും വായന (3) സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വഭാവവും, പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപ്പത്ര ഫാറം യഥാവിധി പൂരിപ്പിച്ച് സ്ഥാപന മേധാവി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

9.വായന (11) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർഥിയുടെ പി.എസ്.സി നിയമന പരിശോധനക്കായി പേർസണൽ മെമ്മോറാണ്ടം, സർവീസ് ഡീറ്റെയിൽസ് എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള പ്രോഫോർമ, നിയമന ശിപാർശ കത്തിൻറെയും, നിയമന ഉത്തരവിൻറെയും പകർപ്പുകൾ എന്നിവ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ഈ

കാര്യാലയത്തിൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

10.വായന (8) & (9) സർക്കാർ ഉത്തരവുകളിലെ സേവന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും ടി ഉദ്യോഗാർത്ഥിയുടെ നിയമനം.

11.വായന (10) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ഉദ്യോഗാർത്ഥിയുടെ പേരിലുള്ള സ്ഥാവര വസ്തുകളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും. ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

12. ഉദ്യോഗാർത്ഥി ഹാജരാക്കുന്ന വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ) എന്നിവ തെളിയിക്കുന്ന രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തൻറെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ, പി.എസ്.സി ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന നിയമന ശിപാർശ എന്നിവകളുടെ **<u>അസ്സലുകൾ</u>** പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.

Sunilkumar C V
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

**ശീഥിനി.എം.എസ്**
**കാവിന്റെപടിഞ്ഞാറ്റേതിൽ,**
**പള്ളിശ്ശേരിക്കൽ, ശാസ്താംകോട്ട,**
**കൊല്ലം - 690521**
---------------------------------------------------------

SEETHINI.M.S
KAVINTEPADINJATTETHIL,
PALLISSERICKAL, SASTHAMKOTTTA
KOLLAM - 690521

**(രജി വിത്ത് എ.ഡി. കാർഡ് സഹിതം)**

3.**പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക്ക് കോളേജ്, വെച്ചൂച്ചിറ** (വൺ - ടൈം - വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പിസിഎൻ 200001684 അസ്സൽ, നിയമന ശിപാർശയുടെ പകർപ്പ് എന്നിവകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) **(രജിസ്റ്റേഡ് തപാൽ)**
3.സുപ്രണ്ട്,ജീവനക്കാര്യം (ജി) വിഭാഗം, ഡിടിഇ
4.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
5.ഇ - ഓഫീസ് കരുതൽ സഞ്ചയം

പകർപ്പ്

സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ഡിടിഇ, തിരുവനന്തപുരം

Signed by
Sunilkumar C V
Date: 08-07-2024 13:12:10